# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3885 — 27.06.2012-ൽ മറുപടിക്ക്

### ആന്റി റാബീസ് സിറം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ പേ വിഷ ബാധയുള്ള ആന്റി റാബീസ് സിറം ആവശ്യത്തിന് ലഭ്യമല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) എങ്കിൽ മരുന്ന് ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ ; | (ബി) ബാധകമല്ല. |
| (സി) സംസ്ഥാനത്ത് മരുന്നുകൾ യഥാസമയം സ്റ്റോക്ക് ചെയ്യുന്നത് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ; | (സി) സംസ്ഥാനത്ത് പേവിഷബാധയുള്ള ആന്റി റാബീസ് സീറം ഉൾപ്പെടെയുള്ള മരുന്നുകൾ യാതൊരു തടസ്സവും കൂടാതെ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നുണ്ട് |
| (ഡി) മരുന്നുകൾ മുൻകൂട്ടി സ്റ്റോക്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | (ഡി) മുൻകൂട്ടി സ്റ്റോക്ക് ചെയ്ത് ആവശ്യാനുസരണം വിതരണം ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. |
| (ഇ) ഇതിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ ? | (ഇ) സംസ്ഥാന ആരോഗ്യവകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികൾക്ക് ഓരോ വർഷവും ആവശ്യമായ മരുന്നുകളുടെ ഇൻഡന്റ് മുൻകൂട്ടി ലഭ്യമാക്കി മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ടെണ്ടറിൽ ഉൾപ്പെടുത്തി പ്രസ്തുത മരുന്നുകൾ മുൻകൂട്ടി വാങ്ങി സംഭരിക്കുകയും ആവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം ചെയ്തുവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ